എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
# ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 6, ലക്കം 3 | 2025 മാർച്ച് 05




# രണ്ടാമത് കേരള അന്താരാഷ്ട്ര ഊർജ്ജോത്സവം സമാപിച്ചു

ഫെബ്രുവരി 7, 8, 9 തീയതികളിൽ തൈക്കാട് പോലീസ് മൈതാനിയിൽ നടന്ന രണ്ടാമത് കേരള അന്താരാഷ്ട്ര ഊർജ്ജോത്സവത്തിന്റെ ഉദ്ഘാടനം വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. അക്ഷയ ഊർജസ്രോതസുകളുടെ വ്യാപകമായ ഉപയോഗത്തിലൂടെ കേരളം വൈദ്യുതി സ്വയംപര്യാപ്തത നേടുന്നതിനുള്ള പ്രതിബദ്ധത അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. വൈദ്യുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ ഐഎഎസ്, ഇഎംസി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദ്, ഇഎംസി രജിസ്ട്രാർ സുഭാഷ് ബാബു ബി.വി. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

K–DISC മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ നടത്തിയ ഫൗണ്ടേഷൻ ഡേ പ്രസംഗത്തോടെ ആരംഭിച്ച ഊർജ്ജോത്സവം മൂന്ന് വേദികളിലായാണ് പൂർത്തിയായത്.

ആദ്യദിനം ഹരിതകർമസേന പ്രവർത്തകർക്ക് വേണ്ടിയുള്ള എൽ ഇ ഡി റിപ്പയർ വർക്ക്ഷോപ്പ്, കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡുകളുടെ വിതരണം, കേരള സ്റ്റേറ്റ് സ്റ്റുഡൻസ് എനർജി കോൺഗ്രസ്, വിവിധ ഏജൻസികളുടെ അവതരണങ്ങൾ തുടങ്ങിയവ നടന്നു. രണ്ടാം ദിനം സ്കൂളുകളിലെ ഇലക്ട്രിക് ബസ് ഉപയോഗം, സോളാർ റൂഫ്ടോപ്പ് അസ്സസ് മെന്റ് ടൂൾ പ്രകാശനം, ഡീകാർബണൈസേഷൻ സംബന്ധിച്ച പുതിയ ആശയങ്ങൾ, ക്ലീൻ എനർജി ടെക്നോളജികൾ അടക്കമുള്ള വിവിധ വിഷയങ്ങളിൽ അവതരണങ്ങളും ചർച്ചകളും നടന്നു.

മൂന്നാം ദിവസത്തിന്റെ പ്രധാന ആകർഷണമായിരുന്ന മെഗാ ക്വിസ് ഫൈനൽ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ക്വിസ് മത്സരത്തിന്റെ അന്തിമ ഘട്ടം ആയിരുന്നു. ഇതിനൊപ്പം അംഗൻജ്യോതി ഇലക്ട്രിക് കുക്കിംഗ് പ്രോഗ്രാം, ഊർജ്ജ കാര്യക്ഷമതയും അതിൽ ധനസഹായത്തിന്റെ പങ്കും, അർബൻ ഹീറ്റ് ഐലൻഡ് മിറ്റിഗേഷൻ, തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. കേരള സ്റ്റേറ്റ് സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് പുരസ്കാര വിതരണച്ചടങ്ങോടെ മൂന്ന് ദിവസത്തെ ഫെസ്റ്റിവലിന് സമാപനം കുറിച്ചു. ഊർജ്ജോത്സവത്തിന്റെ ഭാഗമായി വിവിധ കലാപരിപാടികൾ അരങ്ങേറി.


ഹരിതകർമസേന പ്രവർത്തകർക്ക് വേണ്ടിയുള്ള എൽ ഇ ഡി റിപ്പയർ വർക്ക്ഷോപ്പ്


സ്റ്റുഡൻസ് എനർജി കോൺഗ്രസിന്റെ ഭാഗമായി നടന്ന മത്സരത്തിൽ നിന്നും

# EMC Entered into Strategic Partnerships with key institutions

One of the most significant milestones of the International Energy Festival of Kerala (IEFK) 2025 was the establishment of multiple strategic partnerships through the signing of key Memorandums of Understanding (MoUs). These collaborations aim to bolster Kerala's commitment to energy efficiency, sustainability, and climate resilience by fostering innovative solutions and capacity-building initiatives. These collaborations mark a significant step forward in Kerala's journey towards a low-carbon future, reinforcing the state's role as a leader in sustainable energy transition. By engaging with international organizations and leveraging technical expertise, these initiatives will play a crucial role in shaping a resilient, energy-efficient, and environmentally sustainable Kerala.

## The key MoUs signed at IEFK 2025 include:




EMC & Sustainable Energy for All (SEforALL): This partnership focuses on strengthening energy efficiency across various sectors and formulating State Energy Efficiency Action Plans (SEEAPs) to drive systematic and structured improvements in energy conservation policies.



EMC & CLASP: Aimed at promoting energy-efficient appliances, this collaboration will facilitate market transformation strategies that enhance the adoption of advanced, energy-saving technologies in Kerala.




EMC & Asar Social Impact Advisors: This partnership is dedicated to capacity-building initiatives that support decentralized renewable energy solutions, particularly for Micro, Small, and Medium Enterprises (MSMEs) and the agricultural sector, ensuring sustainable energy access at the grassroots level.




EMC & Global Buildings Performance Network (GBPN): This MoU provides technical advisory support for the development of Net-Zero Roadmaps and policies that integrate health and climate considerations, enabling Kerala to align with global sustainability goals.




# Mega Quiz Competition – International Energy Festival of Kerala 2025

The Mega Quiz Competition, a key highlight of the International Energy Festival of Kerala (IEFK) 2025, successfully concluded with an overwhelming participation and a rigorous selection process. The competition commenced with an online preliminary round that witnessed an enthusiastic response from over 3,000 participants. The top 368 participants advanced to the Grand Finale Preliminary Round, where 173 contenders competed for a place in the final stage. After multiple rounds of intellectually stimulating challenges, the Grand Finale identified the top performers, with Sarath V. R. securing the First Prize, followed by Akhil Ghosh M. S. in Second Place, Balu John in Third, and Panchami B in Fourth. The competition was conducted under the expert guidance of Quiz Masters Vishnu Namboothiri, Agney, and Sreekanth, along with Grand Quiz Master Amith M. S., ensuring a high standard of fairness and challenge. Their invaluable contribution played a crucial role in maintaining the integrity and quality of the event. The structured format and well-curated questions enabled participants to showcase their knowledge and analytical skills in the field of energy and sustainability.

## Green Expo @ Trivandrum




As part of the International Energy Festival of Kerala (IEFK) 2025, the Green Expo was organized, showcasing energy-efficient devices. There were around 40 stalls, including clean energy promoters, electric vehicle distributors, and electric cooking appliance suppliers.

## Cycle Rally Kicks Off International Energy Festival of Kerala 2025



As part of the IEFK 2025 event, a cycle rally was held on February 1, 2025, at 6:30 AM along the route Manaviyam – Vazhuthacaud – Thycaud Police Ground – Vazhuthakkad – Kowdiar. The rally was organized in collaboration with Indus Cycling Embassy and CET Cycling Club. The event was flagged off by renowned actor Joby, EMC Joint Director A. N. Dinesh Kumar and Prakash P. Gopinath also spoke at the event.

# കേരളത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കാൻ SEforALL, AEEE, EMC സംയുക്ത ചർച്ചകൾ



സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സസ്റ്റൈനബിൾ എനർജി ഫോർ ഓൾ (SEforALL), അലയൻസ് ഫോർ എനർജി എഫിഷ്യന്റ് ഇക്കണോമി (AEEE) എന്നിവയുമായി എനർജി മാനേജ്മെന്റ് സെന്റർ കേരള (ഇഎംസി) ചർച്ച നടത്തി.

ഇതിന്റെ ഭാഗമായി, 2025 ഫെബ്രുവരി 11 ന് ഇഎംസിയിൽ ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പും നടന്നു. എസ് കോ (ESCO) വിപണി വികസനം, സാമ്പത്തിക–ഊർജ്ജ കാര്യക്ഷമത, സുസ്ഥിര കൂളിംഗ് പരിഹാരങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അവതരണങ്ങൾ നടന്നു.

ഇഎംസി ഡയറക്ടർ, ഡോ.ആർ.ഹരികുമാർ സ്വാഗതം ആശംസിച്ച ചടങ്ങിൽ, ആശിഷ് ജിൻഡാൽ (SEforALL പ്രതിനിധി), സൂക്രിത് മാലിക് (സിഇഒ, എനർജിയ), ഹരീഷ് അയ്യർ (തെർമാക്സ് ലിമിറ്റഡ് പ്രതിനിധി), പ്രദീപ് ചൗഹാൻ (ടു പോയിന്റ് ഒ ക്യാപിറ്റൽ പ്രതിനിധി), അസീം ഗോയല് (ടാബ്രീഡ് ഇന്ത്യ പ്രതിനിധി), തുടങ്ങിയവർ സംസ്ഥാനത്തെ ഊർജ്ജ കാര്യക്ഷമത സംരംഭങ്ങൾ വർദ്ധിപ്പികുന്നതിനെക്കുറിച്ചുള്ള അവതരണകൾ നടത്തി.



സർക്കാർ ഉദ്യോഗസ്ഥർ, ഇഎംസി എംപാനൽഡ് എനർജി ഓഡിറ്റ് സ്ഥാപനങ്ങൾ, വ്യാവസായിക അസോസിയേഷനുകളുടെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇ എം സിയെ പ്രതിനിധീകരിച്ച് ജോയിന്റ് ഡയറക്ടർ, ദിനേശ് കുമാർ എ എൻ, രജിസ്ട്രാർ സുഭാഷ് ബാബു ബി.വിയും ചർച്ചയിൽ പങ്കെടുത്തു.

തുടർന്ന് ഇ എം സി ലെ ഉദ്യോഗസ്ഥരും AEEE, SEforALL, പ്രതിനിധികളും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ ഐ എ എസുമായി ചർച്ച നടത്തി. വ്യവസായിക മേഖലയിലെ ഊർജ കാര്യക്ഷമത നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യവസായിക വകുപ്പ് സെക്രട്ടറിയുമായും KSIDC, KINFRA, സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടന്നു. കൂടാതെ കെട്ടിടങ്ങളിലെ ഊർജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുമായും ചീഫ് ടൗൺ പ്ലാനറുമായും ചർച്ചകൾ നടത്തി.

# വിദ്യാർത്ഥികളിൽ ഊർജാവബോധം വളർത്തി 'ഉണർവ്വ്'



ഇ എം സി വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി നടത്തിവരുന്ന ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ "ഉണർവ്വ്" 2025 ഫെബ്രുവരി 19 തീയതി എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ നടത്തി. തിരുവനന്തപുരം എം.ജി. കോളേജ് എൻ.സി.സി. എയർ വിങ്ങിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ സിന്ധു എസ് കുമാർ സ്വാഗതം ആശംസിച്ചു. എനർജി ടെക്നോളജിസ്റ്റ് ടോംസൺ സെബാസ്റ്റ്യൻ ആമുഖപ്രസംഗം നടത്തി. പ്രോജക്ട് കോഡിനേറ്റർ ദിവ്യ ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സ് നടത്തി. ചടങ്ങിൽ എം ജി കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിമി കെ ജി, നന്ദി പ്രകാശിപ്പിച്ചു.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256